ചാവറ ചാലിച്ച ചാതുരി

വിശുദ്ധ ചാവറ തന്റെ മരണ മുഹൂർത്തത്തെ സമീപിക്കുകയായിരുന്നു. 1871 ജനുവരി 3-ാം തീയതിയാണ് ആ ദിവ്യമുഹൂർത്തം വന്നെത്തിയത്. അതിനു ഏതാനും മാസങ്ങൾക്കുമുമ്പേ, 1870 ആഗസ്റ്റു മാസത്തിൽ തികഞ്ഞ മന:സാന്നിദ്ധ്യത്തോടെ അദ്ദേഹം തന്റെ വിൽപത്രം എഴുതി തയ്യാറാക്കി. കന്യാസ്ത്രീമഠത്തെ സംബന്ധിച്ച അതിലെ പരാമർശങ്ങൾ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നതാണ്. കന്യാസ്ത്രീകളെക്കുറിച്ചുള്ള തന്റെ ഉത്തരവാദിത്തം തന്റെ മരണത്തോടെ അവസാനിക്കുന്നില്ല എന്ന് അദ്ദേഹം കരുതി. കന്യാസ്ത്രീമഠത്തിന്റെ സ്ഥാപനവും വളർച്ചയും വ്യാപനവുമൊക്കെ എന്നും തന്റെയുള്ളിൽ ഉത്തരവാദിത്തബോധമായി ജ്വലിച്ചുനിന്നിരുന്നു. ക്രിസ്തു വർഷം ആദ്യ നൂറ്റാണ്ടിൽ ക്രൈസ്തവ വിശ്വാസം വന്നെത്തിയ കേരളത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയായിട്ടും കന്യാസ്ത്രീമഠം സ്ഥാപിതമായില്ല എന്ന ദു:ഖം നെഞ്ചിലേറ്റി നടക്കുകയായിരുന്നു വിശുദ്ധ ചാവറയച്ചൻ. അതിനുവേണ്ടി ആലങ്ങാട്, പുത്തൻപള്ളി എന്നിങ്ങനെ പലയിടങ്ങളിലും അധ്വാനിച്ചു. ഒടുവിൽ, കൂനമ്മാവ് എന്ന ഒരു ഉൾഗ്രാമത്തിലാണ് ആ സ്വപ്നം പൂത്തുലഞ്ഞത്, 1866 ൽ. അവിടെ, കന്യാസ്ത്രീമഠത്തോടു ചേർന്ന് ബോർഡിംഗ് ഭവനം, സ്കൂൾ എന്നിങ്ങനെ മൂന്നു സ്ഥാപനങ്ങളും രൂപകൽപനചെയ്തു. അതിന്റെ വ്യാപനരേഖയായി തന്റെ മരണപത്രികയിൽ ഇങ്ങനെ കുറിച്ചുവച്ചു:

> *... തെക്കുവശത്തേയ്ക്ക് ഇനിയും കൊവേന്തകളുണ്ടാകാൻ ആവശ്യവും വളരെ എളുപ്പവുമാണ്. അതിനാൽ മാന്നാനത്തുനിന്നും തെക്കോട്ടും കിഴക്കും പടിഞ്ഞാറുമായി ഈരണ്ടു കൊവേന്തകളും ചില മഠങ്ങളും ബോർഡിംഗുകളും സ്ഥാപിക്കാം. ഇതിൽ ഒന്ന് തത്തംപള്ളിയിൽ, മറ്റൊന്ന് മാവേലിക്കരയിൽ. അതിനു തെക്കുവശത്തായി കിഴക്കും പടിഞ്ഞാറും ഒരോ കൊവേന്തയും മഠവും ആരംഭിച്ചാൽ വരാപ്പുഴ, കൊല്ലം, എന്ന രണ്ടു വികാരിയാത്തുകളിലുള്ള വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കും. അത് അവിടെ ആവശ്യവുമാണ്. മുത്തോലി എന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും ബോർഡിംഗ് ഭവനങ്ങളും തുടങ്ങേണ്ടതും ആവശ്യം തന്നെ. പ്രിയ കൂടപ്പിറപ്പുകളായ നിങ്ങളുടെ ബുദ്ധിമുട്ടും ഉത്സാഹവും പ്രേരണയും ഉണ്ടെങ്കിൽ ഇതെല്ലാം സാധ്യമാകും (ചാവറക്കത്തുകൾ, 6.5).*

ഈ മരണപത്രിക കൂടപ്പിറപ്പുകളായ തന്റെ സന്യാസസഹോദരന്മാരെയാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. 'കൊവേന്ത, മഠം, ബോർഡിംഗ് ഭവനം' എന്നിവ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഏറ്റെടുക്കാൻ അവരുടെ സ്ഥാപകനും പിതാവുമായ ചാവറയച്ചൻ അവർക്ക് പ്രേരണയും പ്രചോദനവും നൽകുന്നുണ്ട്. ഈ ചാവരുളിന്റെ മൂന്നാമത്തെ ഖണ്ഡികയിൽ 'കൊവേന്ത-മഠം-ബോർഡിംഗ് ഭവനം' എന്ന പ്രയോഗം രണ്ടു പ്രാവശ്യവും 'മഠം- ബോർഡിംഗ്ഭവനം' എന്ന് മൂന്നു തവണയും ആവർത്തിച്ചിരിക്കന്നു. കന്യാസ്ത്രീമഠത്തിന്റെ സ്ഥാപകൻ താനാണെന്ന് തന്റെ ഉൾകാമ്പിൽ അലിഞ്ഞുചേർന്ന അവബോധമാണ് മരണപത്രികയിൽ അദ്ദേഹം കോറിയിട്ടത്.

അന്ന് കേരളത്തിൽ നിലവിലിരുന്ന വരാപ്പുഴ, കൊല്ലം, എന്ന രണ്ടു വികാരിയാത്തുകളിലും, ലത്തീൻ-സുറിയാനി ഭേദമില്ലാതെ കൊവേന്തകളും മഠങ്ങളും ബോർഡിംഗ് ഭവനങ്ങളും ആരംഭിക്കണമെന്നത് കന്യാസ്ത്രീമഠങ്ങൾക്കുള്ള വ്യാപനമന്ത്രമാണ്. സമർപ്പിതരുടെ സാന്നിധ്യവും ശുശ്രൂഷകളും ദൈവജനത്തിന്റെ ആത്മീയമേഖലകളിലേക്ക് പരന്നൊഴുകണമെന്ന ഒരു സ്നേഹദർശനമാണ് അവിടെ കൂമ്പെടുക്കുന്നത്. അന്ന് ചാവറയച്ചൻ ഈ വരികൾ എഴുതുമ്പോൾ കേരളത്തിൽ കൊല്ലം, വരാപ്പുഴ എന്ന രണ്ടു വികാരിയാത്തുകൾ മാത്രമാണുണ്ടായിരുന്നത്. അവയിൽ കൊല്ലം വികാരിയാത്തിൽ ലത്തീൻ ക്രൈസ്തവർ മാത്രവും വരാപ്പുഴയിൽ, ലത്തീൻകാരും സുറിയാനിക്കാരുമായി നിലനിന്നു. 'കന്യാസ്ത്രീമഠത്തിന്റെ ആരംഭം' എന്ന തലവാചകത്തോടെ കൂനമ്മാവ് മഠത്തിന്റെ ആരംഭകഥ, വിശുദ്ധ ചാവറയച്ചൻ അവതരിപ്പിച്ചിരിക്കുന്നത് 1831-ൽ

മാന്നാനത്ത് തുടക്കമിട്ട സന്യാസപ്രസ്ഥാനത്തിന്റെ തുടർച്ച എന്ന നിലയിലാണ്. കൊവേന്തയ്ക്കും കന്യാസ്ത്രീമഠത്തിനും ലക്ഷ്യവും സ്ഥാപകസിദ്ധിയും ഒന്നുതന്നെ. സ്ഥാപകനും ഒരാൾതന്നെ.

മരണപത്രികയിൽ ഒരാൾ കൈമാറുന്നത് തന്റെതന്നെ സ്വത്താണല്ലൊ. ലെയോപോൾദ് മൂപ്പച്ചനോ സിസ്റ്റർ ഏലീശ്വായോ മറ്റാരെങ്കിലുമോ ആണ് കന്യാസ്ത്രീമഠത്തിന്റെ സ്ഥാപകൻ എന്ന് ചാവറപ്പിതാവ് കരുതിയിരുന്നെങ്കിൽ മഠത്തിന്റെ വളർച്ചയും വ്യാപനവും എങ്ങനെ, അല്ലെങ്കിൽ എവിടെ ആയിരിക്കണമെന്ന് തന്റെ മരണശാസനമായി അദ്ദേഹം ചേർക്കുമായിരുന്നില്ല; അക്കാര്യം തന്റെ ആൺമക്കളായ സന്യാസസമൂഹത്തെ ചുമതലപ്പെടുത്തുകയുമില്ലായിരുന്നു. തന്നെയുമല്ല, കേരളത്തിൽ അന്നുണ്ടായിരുന്ന വരാപ്പുഴ, കൊല്ലം എന്ന രണ്ടു വികാരിയാത്തുകളിലെയും വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി അധ്വാനിക്കാനുള്ളവരാണ് കന്യാസ്ത്രീകൾ എന്ന് തിരുസഭയിൽ അവർക്കുള്ള ഇടവും ആ സഭാസ്നേഹി നിർദേശിച്ചുകൊടുക്കുമായിരുന്നില്ല. ആ മരണപത്രികക്ക് വയസ്സ് നൂറ്റി നാൽപ്പത്തിയേഴ്.

അന്ന് ചാവറപ്പിതാവ് ഈ വരികൾ കുറിക്കുമ്പോൾ സ്വന്തം ഇടവകയിൽ നടത്തപ്പെടുന്ന ധ്യാനത്തിൽ പോലും സംബന്ധിക്കാൻ സ്ത്രീകൾക്ക് അനുവാദമില്ലായിരുന്നു എന്നറിയുമ്പോഴാണ് സ്ത്രീമഹത്വത്തെക്കുറിച്ചുള്ള ചാവറയുടെ ദൂരക്കാഴ്ചയും ഉന്നത ദർശനവും വ്യക്തമാകുക. അക്ഷരലോകത്തിലും ആത്മീയ തലത്തിലും സ്ത്രീക്ക് നൽകപ്പെട്ട ഇടമാണ് ചാവറയച്ചനുണ്ടാക്കിയ വ്യത്യാസം. ആ തിരിയിൽനിന്നും വെട്ടം സ്വീകരിച്ചവരുടെ നിര നീളുകയാണ്. സ്ത്രീശക്തി വേണ്ടവിധത്തിൽ അംഗീകരിക്കുകയും വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തവനാണ് ചാവറയച്ചൻ. അതിനാലാണ് തന്റെ മരണമുഹൂർത്തത്തിലും കന്യാസ്ത്രീകളെക്കുറിച്ചും സഭയിൽ അവരുടെ സ്ഥാനത്തെക്കുറിച്ചും അദ്ദേഹം വാചാലനായത്. പലയിടങ്ങളിൽ കന്യാസ്ത്രീമഠങ്ങൾ ആരംഭിക്കണമെന്നും അതിനായി തന്റെ സന്യാസസഹോദരങ്ങൾ അധ്വാനിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. പിന്നീട്, ഭാരതത്തിന്റെ അനേകം രൂപതകളിലും ഇംഗ്ളണ്ട്, യൂറോപ്പ്, വടക്കെ അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലുമായി എഴുനൂറോളം സിഎംസി ഭവനങ്ങൾ സ്ഥാപിതമായിരിക്കുന്നു!

സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യമോ?

'പള്ളിയോടുചേർന്ന് പള്ളിക്കൂടം', 'കന്യാസ്ത്രീമഠത്തോടുചേർന്ന് ബോർഡിംഗ്ഭവനം' എന്ന ചാവറദർശനം 1866 ൽ കൂനമ്മാവിൽ ഇതൾവിടരുകയുണ്ടായി. സ്കൂൾ, കരവേലപരിശീലനഭവനം എന്നതും ആ ദർനത്തിന്റെ ഭാഗമായിരുന്നു. ബോർഡിംഗിന്റെ പാഠ്യക്രമത്തിൽ പാചകം, സംഗീതം, തയ്യൽ, കൊന്തകെട്ട്, പൂക്കളുണ്ടാക്കൽ മുതലായ കൈവേലകൾ, ഭാഷ, കണക്ക്, എന്നിവയും ഉൾപ്പെടുത്തിയിരുന്നു. കൈവേലകളിൽ വൈദഗ്ദ്ധ്യമുള്ള സ്ത്രീകളെ പലയിടങ്ങളിൽ നിന്നായി വരുത്തി, ക്രമേണ കന്യാസ്ത്രീമഠത്തിനു ചുറ്റുമുള്ള സ്ത്രീകളെയും അത്തരം വേലകൾ അഭ്യസിപ്പിച്ചു. ഇതുവഴി സ്ത്രീക്ക് ധനസമ്പാദനം, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവ അദ്ദേഹം ഉറപ്പുവരുത്തി. ചാവറ മറ്റൊരു നിയമം സൃഷ്ടിക്കുകയായിരുന്നു. സ്ത്രീക്ക് വിദ്യ വേണം; സാമ്പത്തിക സ്വാതന്ത്ര്യം വേണം. അത് അവളുടെ ആത്മാഭിമാനത്തെയും ആത്മവിശ്വാസത്തെയും ഉറപ്പിക്കുകതന്നെ ചെയ്യുമെന്ന് ആ മഹാത്മാവു കണ്ടു. പുരുഷന്റെ സ്വകാര്യസ്വത്തുടമസ്ഥത, സാമ്പത്തിക മേധാവിത്തം എന്നിവയിൽ മാറ്റങ്ങൾ വന്നു. സ്ത്രീസംരക്ഷണത്തിനും സ്ത്രീപങ്കാളിത്തത്തിനും മാതൃകയാണ് ആ വലിയ വിശുദ്ധൻ. അദ്ദേഹത്തിന്റെ അധ്വാനങ്ങൾ വൃഥാവിലായില്ല. അന്ന് കൂനമ്മാവിൽ തുടക്കമിട്ട കൊന്തകെട്ട് എന്ന കുടിൽ വ്യവസായം ഇന്ന് എത്ര വളർന്നിരിക്കുന്നു! ഉന്നത വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ പ്രത്യേകിച്ചും നേഴ്സിംഗ് പരിശീലനം പൂർത്തിയാക്കിയവർ ഭാരതത്തിന് വിദേശ വരുമാനം എത്തിക്കുന്നതിൽ എത്ര വലിയ സംഭാവനയാണ് നൽകുന്നത്!

സ്ത്രീകളുടെ എഴുത്തുകലയും ചാവറയച്ചനും

1666 ൽ മരണമടഞ്ഞ സ്പെയിനിലെ മേരി അഗ്രെദ എന്ന മിണ്ടാമഠത്തിലെ ഒരു കന്യാസ്ത്രീ തന്റെ ഒരനുഭവം പങ്കുവയ്ക്കുന്നുണ്ട്. പുണ്യപ്പെട്ട ആ കന്യാസ്ത്രീ 1623 ൽ *The Mystical City of God* എന്ന ബൃഹദ്ഗ്രന്ഥം രചിച്ചപ്പോൾ, ഇടക്കാലത്തേക്ക് തന്റെ കുമ്പസാരക്കാരനായി വന്ന വൈദികൻ, ആ ഗ്രന്ഥം കത്തിച്ചുകളയാൻ ആജ്ഞാപിച്ചു. അവളതു നിർവഹിക്കുകയും ചെയ്തു. സ്ത്രീകൾക്ക് ഗ്രന്ഥരചന അനുവദനീയമല്ല എന്നതായിരുന്നു അതിനുള്ള കാരണമായി അദ്ദേഹം ഉന്നയിച്ചത്. ആവിലായിലെ വിശുദ്ധ ത്രേസ്യായ്ക്കും അതേ അനുഭവമുണ്ടായി. ബൈബിളിലെ ഉത്തമഗീതത്തെക്കുറിച്ച് താൻ കുറിച്ചുവച്ച ധ്യാനചിന്തകൾ ആ വലിയ വിശുദ്ധയുടെ കൺമുമ്പിൽ വച്ച് ചുട്ടെരിക്കപ്പെട്ടു. അതു നിർവഹിച്ചതും അന്നത്തെ പുരോഹിത പ്രമുഖർ തന്നെ. 20-ാം നൂറ്റാണ്ടിൽ പോളണ്ടിൽ ജീവിച്ച മരിയ ഫൗസ്തീന എന്ന വിശുദ്ധക്ക് ലഭിച്ച രഹസ്യ വെളിപാടുകൾ രേഖപ്പെടുത്തിയിരുന്ന ഡയറിയും കത്തിച്ചുകളയാൻ അവളുടെ കുമ്പസാരക്കാരൻ ആവശ്യപ്പെട്ടു. അവൾ അപ്രകാരം ചെയ്തു. സ്വത്വപ്രകാശനത്തിന്റെ തെളിവാർന്ന മാർഗമായ എഴുത്തുവേല കേരളത്തിലെ സ്ത്രീകൾക്കും അന്ന് നിഷിദ്ധമായിരുന്നു. എന്നാൽ, 1866 ൽ വിശുദ്ധ ചാവറപ്പിതാവ് ചെയ്ത ഒരു മഹനീയ കൃത്യമുണ്ട്: കൂനമ്മാവിൽ പനമ്പുമഠത്തിന്റെ ഉദ്ഘാടനം നിർവഹിച്ച ദിവസം തന്നെ മഠത്തിലെ ഇളയ രണ്ടു സിസ്റ്റേഴ്സിനെയും കടലാസ്സിൽ എഴുത്തുകല അഭ്യസിപ്പിക്കാൻ തുടങ്ങി. ആ മഹദ്കാര്യം ആ സ്ത്രീപക്ഷവാദി കുറിച്ചുവയ്ക്കുകയും ചെയ്തിരിക്കുന്നു.

സ്ത്രീകളെ അക്ഷരവെളിച്ചത്തിലേക്ക് പ്രവേശിപ്പിക്കുക മാത്രമല്ല വിശുദ്ധ ചാവറപ്പിതാവ് ചെയ്തത്. വിശദമായും വൃത്തിയായും എഴുതാൻ സിസ്റ്റർ അന്നയെ അഭ്യസിപ്പിച്ചു. കൂടാതെ, അവൾക്ക് എഴുത്തുകലയിൽ പ്രോത്സാഹനം നൽകാൻ മദർ സുപ്പീരിയറിന് പ്രേരണ നൽകി; സിസ്റ്റർ അന്ന എഴുതിയ വരികളിൽ വന്ന പിഴവു തീർത്ത് തിരുത്തലുകൾ നൽകി. സിസ്റ്റേഴ്സിന്റെ അറിവിന്റെ ചക്രവാളങ്ങൾ വിശാലമാക്കാൻ അവരെ വിവിധഭാഷകൾ അഭ്യസിപ്പിച്ചു; അതിനാവശ്യമായ ഗ്രന്ഥങ്ങൾ അവർക്ക് എത്തിച്ചുകൊടുത്തു. ഇങ്ങനെ ശേഖരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ ഒരു നീണ്ടലിസ്റ്റ് കൂനമ്മാവു മഠത്തിന്റെ നാളാഗമത്തിൽ കാണുന്നുണ്ട്.

ഭർത്താവിന്റെയും കുട്ടികളുടെയും ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും അവരെ പരിപാലിക്കുകയും ചെയ്യാനുള്ള ഒരു ഉപകരണം മാത്രമായി ഇന്നാൾവരെ സ്ത്രീകൾ പരിഗണിക്കപ്പെട്ടിരുന്നു. അവളുടേതായ ഇടം സ്വന്തം അടുക്കളയും വീടിന്റെ അകത്തളങ്ങളും മാത്രമായിരുന്നു. സമൂഹത്തിന്റെ പൊതുഇടങ്ങളിൽ അവർക്ക് സ്ഥാനമോ ദൗത്യമോ അവകാശമോ ഉണ്ടായിരുന്നില്ല. സ്ത്രീക്ക് വിദ്യ പാടില്ല, സ്വന്തം പേരിൽ സ്വത്ത് പാടില്ല, പോരാ, "ന: സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നായിരുന്നല്ലോ അന്നത്തെ ലിഖിതനിയമംതന്നെ. സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യവും പരിമിതമായിരുന്നു. ആൺതുണയോടുകൂടിയല്ലാതെ അവർക്കു യാത്ര പാടില്ലത്രെ. എന്നാൽ, 1958 ൽ ആദ്യമായി ജലന്തർ മിഷനിലെത്തിയ സിഎംസി മിഷനറിമാർ സ്വന്തം സംസ്ഥാനവും മറ്റ് അനേകം സംസ്ഥാനങ്ങളും കടന്ന് ഇന്ത്യാ മഹാരാജ്യത്തിന്റെ തലസ്ഥാനനഗരിയും പിന്നിട്ട് മൈലുകളെത്ര താണ്ടിയാണ് ലക്ഷ്യസ്ഥാനമായ ജലന്തറിൽ എത്തിയത്!

സഭയുടെയും സമൂഹത്തിന്റെയും, പോരാ, സ്വന്തം വീടിന്റെ പോലും വേലിയിറമ്പുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീയെ മുഖ്യധാരയിൽ ഉയർത്തി സ്ഥാപിച്ചു എന്നതാണ് ചാവറയച്ചൻ ചെയ്ത ഏറ്റവും വലിയ സംഭാവന എന്നു കരുതുന്നവരുണ്ട്. സ്ത്രീയുടെ അപഹരിക്കപ്പെട്ട മഹത്വം അവൾക്ക് പുന:സ്ഥാപിച്ചുകൊടുത്തു; ഉണ്മയെ കണ്ടെത്താൻ ക്ഷണിച്ചു; ആ കണ്ടെത്തലിൽ കൃത്യമായ ദൈവികതയുടെ സ്പർശം അവൾക്കു ലഭിച്ചു. സ്ത്രീകളോടുള്ള സമീപനങ്ങളിൽ ഇനിയും രൂപപ്പെടേണ്ട വിശുദ്ധമായൊരു സംസ്കാരത്തിലേക്കുള്ള കിളിവാതിൽ തുറക്കലായിരുന്നു അത്.

ഡോക്ടർ സിസ്റ്റർ ജോസി സിഎംസി (ഡെറാഡൂൺ)